# കുട്ടിപ്പട്ടം



ലിറ്റിൽ കൈറ്റ്സ്
പി.എസ്.വി.പി.എം.എച്ച്.എസ്.എസ്
ഐരവൺ ,കോന്നി

കുട്ടിപ്പട്ടം

# പി.എസ്.വി.പി.എം ഹയർ സെക്കൻഡറി സ്കൂൾ



കേരളത്തിലെ ആദ്യത്തെ വനിതാ ബിരുദാനന്തരബിരുദ ധാരിയും വനിതാ പ്രൊഫസ്സറുമായ ശ്രീമതി കോന്നിയൂർ മീനാക്ഷിയമ്മ അവർകളാൽ 1936-ൽ സ്ഥാപിതമായതാണ് പി . എസ് . വേലുപ്പിള്ള മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ(P.S.V.P.M.H.S.S)

# കുട്ടിപ്പട്ടം

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

### എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

ബ്ലസൻ ഫിലിപ്പ്

**എഡിറ്റർ**

അരുന്ധതി . ബി

**പത്രാധിപ സമിതി**

അഖിൽ . എ
റിജിൽ . ജി . രാജി
പ്രണതശ്രീ
അക്സാ റോയി
അവന്തിക അരുൺ
സജ്ന . എസ് . മുഹമ്മദ്

**സാങ്കേതിക സഹായം**

ബിന്ദു കൃഷ്ണ(ഹെഡ് മിസ്ട്രസ്സ്)
ജ്യോതിഷ് . എസ്
ഷീല . ജി
ലീന . ആർ

കുട്ടിപ്പട്ടം

# ഞങ്ങളുടെ മാർഗ്ഗദർശികൾക്ക്
# പ്രണാമങ്ങൾ



കെ . എൻ രാഘവൻപിള്ള
( മുൻ മാനേജർ )



എം . കെ ലത
( മുൻ എച്ച് . എം )



ആർ അരവിന്ദ്
( മുൻ മാനേജർ )



ആർ സദാശിവൻനായർ
( അഡ്മിനിസ്ട്രേറ്റർ )

കുട്ടിപ്പട്ടം


# എഡിറ്റോറിയൽ

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുകയെന്നതിനപ്പുറം ഓരോരുത്തരും സ്വയംആർജിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റിമറിച്ചു. അദ്ധ്യാപകന്റെയുംവിദ്യാർത്ഥിയുടെയും സജീവമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസപ്രക്രിയയാണിപ്പോൾരൂപപ്പെട്ടിട്ടുള്ളത് . വിവരവിനിമയസാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു വിദ്യാഭ്യാസപ്രക്രിയയിൽ വലിയ പങ്കുവഹിക്കാനുണ്ട്. ഈ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ വൈദഗ്ധ്യവുംഅഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ, ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതിയിൽ അംഗങ്ങളായ കുട്ടികളെ ലിറ്റിൽ കൈറ്റ്സ് എന്ന് വിളിക്കുന്നു. ഒരു സ്കൂൾ യൂണിറ്റിൽ 20 മുതൽ 40 വരെ ലിറ്റിൽകൈറ്റ്സാണ് ഉണ്ടായിരിക്കുക. വിവിധവിഷയമേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. മൊബൈൽആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോ-ണിക്സ് , ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ്, ഇന്റർനെറ്റും സൈബർസുരക്ഷയും തുടങ്ങിയ മേഖലകളിലാണ് പരിശീലനം ലഭിക്കുന്നത്.

പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അതുപയോഗിച്ച് വിവിധ നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള അവസരം ലഭ്യമാക്കുക, വിവരവിനിമയസാങ്കേതികവിദ്യയുടെ നവീനമേഖലകൾ പരിചയപ്പെടുക, സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക തുടങ്ങിയവയാണ് ലിറ്റിൽകൈറ്റ്സിന്റെ ലക്ഷ്യങ്ങൾ.

മലയാളം കമ്പ്യൂട്ടിങ്ങിൽ പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയതാണ് ഈ ഡിജിറ്റൽ മാഗസിൻ. സൈബർയുഗത്തിലേക്ക് അനുനിമിഷം കുതിക്കുന്ന ലോകത്തെ പുതുമയുടെ കരങ്ങ-ളിലേന്തി വാനോളമെത്തിക്കാൻ ഈ വിദ്യാലയത്തിലെ "കുഞ്ഞുപട്ടങ്ങൾ" പ്രാപ്തരാണെന്ന ഉറപ്പോടെ ഞങ്ങൾ സവിനയം സമർപ്പിക്കട്ടെ.

സ്വീകരിച്ചാലും



ചീഫ്എഡിറ്റർ

ജ്യൂസൻ ഫിലിപ്പ്

# താളുകളിലൂടെ


1.സ്വതന്ത്രസോഫ്റ്റ് വെയർ
2.കവിത -ഞാൻ
3.കംപ്യൂട്ടർ -അറിയേണ്ടതെല്ലാം
4. കംപ്യൂട്ടർ -അറിയേണ്ടതെല്ലാം
5. കംപ്യൂട്ടർ -അറിയേണ്ടതെല്ലാം
6.പഴഞ്ചൊല്ലുകൾ
7.പിറക്കുമോ പുതിയ വൻകര
8. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
9. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
10. Galaxy of Quotations
11. Galaxy of Quotations
12. കോന്നിയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രം -അടവി
13.ഞാൻ കണ്ട കാഴ്ചകൾ
14. സൂര്യോദയം
15. ഓർമ്മ
16. മുംബൈദർശൻ
17. മാസ്റ്റർ അർജ്ജുൻ കൃഷ്ണ
18. ജി -സാറ്റ് -29
19. പിങ്ക് തടാകം
20. ഭൗതിക ശാസ്ത്രം
21.ഡിജിറ്റൽ ചിത്രങ്ങൾ
22.കോന്നി ആനക്കൂട്
23.അമ്മ
24.ഉള്ളൂർ .എസ്.പരമേശ്വരയ്യർ
25.എഴുത്തച്ഛൻ
26.ഒ.എൻ.വി .കുറുപ്പ്
27.കടമ്മനിട്ട രാമകൃഷ്ണൻ
28.കുഞ്ചൻ നമ്പ്യാർ
29.നമ്പ്യാർ ഫലിതങ്ങൾ
30.നമ്പ്യാർ ഫലിതങ്ങൾ
31.നമ്പ്യാർ ഫലിതങ്ങൾ
32.ഓമനപേരുകൾ
33.മറക്കാനാവാത്ത വരികൾ
34.പഠനശാഖകൾ
35.ഒറ്റമൂലികൾ
36.മദർ തെരേസ
37.വിവിധ ഗാന്ധിമാർ
38.ഏകതാ പ്രതിഭതൾ
39.പുതിയ സംസ്ഥാനം
40.കടങ്കഥകൾ
41.ഇന്ത്യയിലെ ആദ്യ ക്ഷീര എ.ടി.എം

# സ്വതന്ത്ര സോഫ്റ്റ് - വെയർ

സ്വതന്ത്രമായി ഉപയോഗിക്കാനും ഉപയോഗക്രമത്തെക്കുറിച്ച് പഠിക്കാനും അതിൽ മാറ്റം വരുത്താനും യാതൊരു തടസ്സങ്ങളുമില്ലാതെ എത്ര പകർപ്പുകൾ വേണമെങ്കിലും എടുത്ത് ഉപയോഗിക്കാനും സാധിക്കുന്ന <u>**സോഫ്റ്റ്‌വെയറുകളാണ്**</u> സ്വതന്ത്രസോഫ്റ്റ്‌വെയർ. സാധാരണയായി സ്വതന്ത്രസോഫ്റ്റ്‌വെയർ സൗജന്യമായി ലഭ്യമാണ്. അതിന് ലഭ്യമാക്കാനാവശ്യമായ പണം മാത്രമേ നൽകേണ്ടിവരികയുള്ളൂ. കൂടാതെ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് അഥവാ അത് എഴുതപ്പെട്ടിരിക്കുന്ന പ്രോഗ്രാം കോഡ് എല്ലാവർക്കും വായിക്കാവുന്ന വിധത്തിൽ ലഭ്യമായിരിക്കും. കൂടാതെ ഇത്തരം കോഡുകളുടെയും സോഫ്റ്റ്‌വെയറിന്റെയും കൂടെ സ്വതന്ത്രസോഫ്റ്റ്‌വെയർ അനുമതി പത്രം സാധാരണയായി ഉൾപ്പെടുത്തിയിരിക്കും. ഇത്തരം സോഫ്റ്റ്‌വെയറുകൾ എല്ലാം പൊതുസഞ്ചയത്തിൽ ലഭ്യമാക്കിയവയായിരിക്കും.



<u>റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ</u>

**സ്വതന്ത്ര സ്വതന്ത്രസോഫ്റ്റ്‌വെയറുകളാണ്**

**ഗ്നു/ലിനക്സ് ,ഉബണ്ടു ,അപ്പാഷെ**




അരുന്ധതി . ബി



കുട്ടിപ്പട്ടം

# ഞാൻ

ആകാശത്തിലെ പക്ഷിയെപ്പോലെ
ഞാൻ പാറി നടന്നെങ്കിൽ പൂക്കളിൽ
പാറിനടക്കും പൂമ്പാറ്റയെപ്പോലെ ഞാൻ
തുള്ളി കളിച്ചെങ്കിൽ
നീന്തിത്തുടിക്കും മീനിനെപ്പോലെ ഞാൻ
നീന്തിത്തുടിച്ചെങ്കിൽ
കണ്ടാൽ കൊതിക്കും പൂവിനെപ്പോലെ ഞാൻ
കാററിൽ നൃത്തമാടിയിരുന്നങ്കിൽ
സൂര്യനെ നോക്കുന്ന
സൂര്യകാന്തിയെ പോലെ ഞാൻ
ശോഭ നിറഞ്ഞുവെങ്കിൽ ഞാൻ
ഇതിലുമെത്രയും ശ്രേഷ്ഠമെന്ന്
ഞാൻ തന്നെ അറിയുന്നു



അവന്തിക

# കംപ്യൂട്ടർ - അറിയേണ്ടതെല്ലാം

കംപ്യൂട്ടറിന്റെ പിതാവ് -ചാൾസ് ബാബേജ്

കംപ്യൂട്ടർ സയൻസിന്റെ പിതാവ് -അലൻ ട്യൂറിംഗ്

ഇന്റർനെറ്റിന്റെ പിതാവ് - വിന്റൺ സർഫ്

വേൾഡ് വൈഡ് വെബ് ന്റെഉപജ്ഞാതാവ്-ടിം ബർണേഴ്സ് ലീ

മൗസ് കണ്ടുപിടിച്ചത് -ഡഗ്ലസ് എൻഗൽ-
ബാർട്ട്

ലാപ് ടോപ്പ് കണ്ടുപിടിച്ചത് -സ്ലിം കെപ്ളർ

ഗൂഗിൾ സേർച്ചിന്റെഉപജ്ഞാതാവ് -ലാറി പേജ്

സ്വതന്ത്ര സോഫ്റ്റ് വെയറിന്റെഉപജ്ഞാതാവ്-റിച്ചാർഡ് -
സ്റ്റാൾമാൻ

ലിനക്സിന്റെ ഉപജ്ഞാതാവ് -ലിനസ് -
ടോർവാൾട്സ്

വിക്കിപീഡിയയുടെ ഉപജ്ഞാതാവ് -ജിമ്മിവെയ്ൽസ്

ഇ-മെയിലിന്റെ ഉപജ്ഞാതാവ് -റെ ടോമിൽസൺ

ഫേസ് ബുക്കിന്റെ ഉപജ്ഞാതാവ് -മാർക്ക് സുക്കർ-
ബെർഗ്

ആദ്യത്തെ കംപ്യൂട്ടർ വൈറസ് -ആപ്പിൾ

ആദ്യത്തെ കംപ്യൂട്ടർ ഗെയിം -സ്പേസ് വാർ

സൂപ്പർ കംപ്യൂട്ടറിന്റെ പിതാവ് -സിമൂർ ക്രേ

ഇന്ത്യൻ സൂപ്പർ കംപ്യൂട്ടറിന്റെ പിതാവ് -വിജയ്. പി.
ഭട്കർ

ഇന്ത്യയിലെ ആദ്യ കംപ്യൂട്ടർ -TIFRAC(Tata Institute of-
Research Automatic -
Calculator)

ഇന്ത്യയിലെ ആദ്യസൂപ്പർ കംപ്യൂട്ടർ -പരം 9000

ഇന്ത്യയിൽ ഇന്റർനെറ്റ് നിലവിൽ വന്ന വർഷം -1995

ഇന്ത്യയിൽ ഇന്റർനെറ്റ് നിയന്ത്രിക്കുന്നത് -വിദേശ്-
സഞ്ചാർ നിഗം
ലിമിറ്റഡ്.
(VSNL)

ടെക് നോപാർക്ക് നിലവിൽ വന്നവർഷം -1990

IT@School നിലവിൽ വന്നവർഷം -2002

ലോക കംപ്യൂട്ടർ സാക്ഷരതാദിനം -ഡിസംബർ 2

ഗൂഗിളിന്റെ ആപ്തവാക്യം -Don't be Evil

ഓർക്കുട്ടിന്റെ ഉപജ്ഞാതാവ് -ബേയ് കുട്ടൻ

കേരളത്തിലെ ആദ്യത്തെ ഐ.റ്റി ജില്ല -പാലക്കാട്

ഇന്ത്യയിലെ ആദ്യഇന്റർനെറ്റ് സിനിമ -ഹാർട്ട് ബീറ്റ്

ഇൻഫർമേഷൻ തിയറിയുടെ പിതാവ് -ക്ലൗഡ്ഷാനൺ

ഫ്ളോപ്പി ഡിസ്ക് കണ്ടുപിടിച്ചത് -അലൻഷുഗാർട്ട്

കംപ്യൂട്ടറിന്റെ വിവരശേഖരണശക്തിഅളക്കു
ന്നതിനുള്ള യൂണിറ്റ് -ബൈറ്റ്

ഒരു സി.ഡി റോമിന്റെ വ്യാസം -12 സെ.മീ.

ആദ്യം രൂപപ്പെട്ട കംപ്യൂട്ടർ ഭാഷ -ബേസിക്

ഇന്റർനെറ്റ് ഉപയോഗത്തിനായിആദ്യം
രൂപം പ്രാപിച്ച ഭാഷ -ജാവ

എസ്.എം എസിന്റെ പൂർണ്ണരൂപം -ഷോർട്ട്
മെസ്സേജ്
സർവ്വീസ്

ഇന്റർനെറ്റ് വഴി കോഴ് സുകൾ ആരംഭിച്ച ആദ്യ



ഇന്ത്യൻ സർവ്വകലാശാല -ആന്ധ്രാ സർവ്വ-

കലാശാല

കോംപാക്ട് ഡിസ്ക് കണ്ടുപിടിച്ചത് -ജെയിംസ്.റ്റി.റസ്സൽ

ഹ്യൂമൻ കംപ്യൂട്ടർഎന്നറിയപ്പെടുന്നവനിത- ശകുന്തളാദേവി

ജി-മെയിൽ നിലവിൽ വന്നവർഷം -2004

എല്ലാ പഞ്ചായത്തുകളുംകംപ്യൂട്ടർ വൽക്ക
രിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം -തമിഴ് നാട്

വികലാംഗർക്കായുള്ള മൗസ് അറിയപ്പെടുന്നത്-നൗസ്

കംപ്യൂട്ടറിന്റെ മസ്തിഷ്കം -സി.പി.യു

കംപ്യൂട്ടർ സാക്ഷരതാ പദ്ധതിയായ'അക്ഷയ'
ആദ്യമായി നടപ്പിലാക്കിയ ജില്ല -മലപ്പുറം



അക്സാ റോയി

# പഴഞ്ചൊല്ലുകൾ

പഴഞ്ചൊല്ലിൽ പതിരില്ല.

ചുവരില്ലാതെങ്ങനെചിത്രംവരയ് ക്കും

ആനമെലിഞ്ഞാൽതൊഴുത്തിൽകെട്ടുമോ

കാണംവിറ്റുംഓണമുണ്ണണം.

അഴകുള്ളചക്കയിൽചുളയില്ല.

കാക്കയ്ക്കുംതൻകുഞ്ഞ്പൊൻകുഞ്ഞ്.

അണ്ണാൻകുഞ്ഞുംതന്നാലായത്.

പലനാൾകള്ളൻ ഒരുനാൾഅകപ്പെടും.

കാക്ക കുളിച്ചാൽ കൊക്കാകില്ല.

അടയ്ക്ക കട്ടാലും ആന കട്ടാലും 'കള്ളൻ'



**ആൽബിൻ ബിനോയി**

കുട്ടിപ്പട്ടം

# പിറക്കുമോ പുതിയ വൻകര

കെനിയയിൽ അടുത്തിടെ രൂപപ്പെട്ട വൻഗർത്തങ്ങൾ പുതിയ വൻകരരൂപപ്പെടുന്നതിന്റെ സൂചനകളാണെന്ന് ശാസ്ത്രലോകം കരുതുന്നു.ആഫ്രിക്ക പിളർന്ന് പുതിയൊരു സമുദ്രവും പിറവിയെടുക്കുമോ

## പാൻജിയയിൽ തുടക്കം

ഏഴ് വൻകരകളാണ് ഭൂമിയിലുള്ളത്.
വലുപ്പത്തിന്റെ  അടിസ്ഥാനത്തിൽ (ഏറ്റവും വലുതിൽ നിന്ന് ചെറുതിലേക്ക് )അവയെ ഇങ്ങനെ ക്രമീകരികാം(1)ഏഷ്യ (2)ആഫ്രിക്ക (3)വടക്കേ അമേരിക്ക (4)തെക്കേ അമേരിക്ക (5)അന്റാർട്ടിക്ക (6)യൂറോപ്പ് (7)ഓസ്ട്രേലിയ.ഇതിൽ യൂറോപ്പ് ,ഏഷ്യ എന്നിവയെ ചേർത്ത് യുറേഷ്യ എന്ന ഒറ്റ ഭൂഖണ്ഡമായി വിശേഷിപ്പിക്കുന്ന ഭൗമശാസ്ത്രജ്ഞരുണ്ട്. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നീ വൻകരകൾ,ഈജിപ്റ്റിന്റെ സിനായി വെനസ്വേലയുമായി ബന്ധിപ്പിക്കപ്പെട്ട് കിടക്കു- ന്നതിൽ,ഇവ മൂന്നിനേയും ചേർത്ത് ആഫ്രോ യുറേഷ്യ എന്നും വിളിക്കാറുണ്ട്. 'സിലാൻഡിയ'(zealandia) എന്ന 8-ാം ഭൂഖണ്ഡം കഴിഞ്ഞവർഷം കണ്ടെത്തിയതായി ചില ഗവേഷകർ അവകാശപ്പെട്ടു.





പ്രണതശ്രീ . എസ്

# റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

ഇന്ത്യയുടെ കേന്ദ്ര ബാങ്കാണ് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ.1935 ഏപ്രിൽ 1 ന് സ്ഥാപിതമായ റിസർവ് ബാങ്കിന്റെ ആസ്ഥാനം മുംബൈ ആണ്. ഇന്ത്യയിൽ റിസർവ്വ് ബാങ്കിന്റെ രൂപവത്ക്കരണത്തിന് കാരണമായത് 1926 ലെ ഹിൽട്ടൺ - യങ് കമ്മീഷന്റെ ശുപാർഷകളാണ്. ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് റിസർവ്വ് ബാങ്കാണ്. 1949 ജനവരി 1 ന് റിസർവ്വ് ബാങ്കിനെ ദേഷസാൽക്കരിച്ചു . ഇന്ത്യയിലെ ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നത് റിസർവ്വ് ബാങ്കാണ്. ഇന്ത്യയിൽ ഒരു രൂപ ഒഴികെയുള്ള കറൻസി നോട്ടുകൾ പുറത്തിറക്കുന്നത് റിസർവ്വ് ബാങ്കാണ്. റിസർവ്വ് ബാങ്കിന് നിലവിൽ കേരളത്തിൽ തിരുവനന്തപുരത്തും, കൊച്ചിയിലും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്.

ഇന്ത്യയിലെ സെക്യൂരിറ്റി പ്രസ്സുകളും, നാണയ നിർമാണ ശാഖകളും.

*നാണയ നിർമാണ ശാലകൾ

1. ഇന്ത്യാ ഗവൺമെന്റ് മിന്റ്, മുംബൈ

2. ഇന്ത്യാ ഗവൺമെന്റ് മിന്റ്, കൊൽക്കത്ത

3. ഇന്ത്യാ ഗവൺമെന്റ് മിന്റ്, ഹൈദരാബാദ്

4. ഇന്ത്യാ ഗവൺമെന്റ് മിന്റ്, നോയിഡ - യു പി.

*ബാങ്ക് നോട്ട് പ്രിന്റിംഗ് പ്രസ്സുകൾ

1. കറൻസി നോട്ട് പ്രസ്സ് -(നാസിക്ക് -മഹാരാഷ്ട്ര )

2. ബാങ്ക് നോട്ട് പ്രസ്സ് -(ദിവാസ് -മധ്യപ്രദേശ്)

*സെക്ക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സുകൾ

1. ഇന്ത്യാ സാക്യൂരിറ്റി പ്രസ്സ്, നാസിക് റോഡ് ,മഹാരാഷ്ട്ര

2. സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സ്, ഹൈദരാബാദ്

*സെക്യൂരിറ്റി പേപ്പർ മിൽ

1. സെക്യൂരിറ്റി പേപ്പർ മിൽ (ഹോഷംഗാബാദ് ,മധ്യപ്രദേശ്)



അക്ഷയ്. ആർ

# A galaxy of Quotations

1. Adversity Makes a man wise,not rich – Shakespeare

2. Liberty means responsibility. That is why most men dread it – Bernard Shaw

3. Every one thinks of changing the world but no one thinks of changing himself – Leo Tolstoi

4. The childhood shows the man as morning shows the day – Milton

5. The child is the father of the man – Words worth

6. Victory belongs to the most persevering – Napoleon Bonoparte

7. Every man is poet when he is in love – Plato

8. A long dispute means both parties are wrong – Voltaire

9. The roots of Education are bitter but the fruit is sweet – Aristotle

10. Man is born free yet every where he is in chains – Rousseau

11. The ballot is stronger than the bullet – Lincon

12. *Knowledge is power – Francis Bacon*

13. *I have nothing new to teach the world.*
*Truth and non violence are as old as the hills – M.K Gandhi*


14. *Those who are prepared to die for any cause are seldom defeated – Jawaharlal Nehru*

15. *Our goal is freedom goal is unselfishness – Swami vivekananda*

16. *Character is more important than education – BR.Ambedker*

17. *We can do no great things,only small things with great love – Mother Teresa*

18. *God Honours me when I work,He loves Me When I Sing – Tagore*



*ADITHYA KESHAV*

# കോന്നിയിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രം- അടവി


കേരളത്തിൽ ആദ്യമായി ഒഴുകും പുഴയിൽ കൊട്ടവഞ്ചി സവാരി തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രമാണ് പത്തനംതിട്ട ജില്ലയിലെ അടവി ഇക്കോട്ടൂറിസം. അതിന് പുറമെ ട്രീടോപ്പ് ഹട്ടിലെ താമസവും മണ്ണിറ വെള്ളച്ചാട്ടവും ഗവിയിലേക്കുള്ള ജംഗിൾ സഫാരിയുമെല്ലാം അടവിയുടെ സവിശേഷതകളാണ് !
മഴക്കാലത്ത് കൊട്ടവഞ്ചിയിലൊരു യാത്ര,വെള്ളച്ചാട്ടത്തിലൊരു കുളി,കാടിനു നടുവിൽ മരത്തിനു മുകളിലെ കുടിലിൽ താമസവും. പത്തനംതിട്ട ജില്ലയിലെ അടവി ഇക്കോ ടൂറിസത്തിലാണ് ഇതെല്ലാം സാധ്യമാകുന്നത്.പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ നിന്ന് 12 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന അടവി ഇക്കോട്ടൂറിസം മഴകാലത്ത് സന്ദർശകർക്ക് വേറിട്ട കാഴ്ച്ചകൾക്കാണ് വഴിയൊരുക്കുന്നത്.അടവി ട്രീടോപ്പ് ബാംബു ഹട്ടിലേക്ക് നടന്നു.കാട്ടിനു നടുവിൽ മരത്തിനുമീതെ മുളകൊണ്ട് നിർമിച്ചിരിക്കുന്നതാണ് ഹട്ട്.അടവി ഇക്കോട്ടൂറിസം വനംവകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.എന്നാൽ അതിന്റെ നടത്തിപ്പ് വനസംരക്ഷണ സമതിക്കാണ്.എലിമുള്ള് വനസംരക്ഷണ സമിതിയാണ് അടവി ഇക്കോ ടൂറിസത്തിന്റെ മേൽനോട്ടം വഹിക്കുന്നത്.കോന്നിയിൽ നിന്ന് ചിറ്റാറിലേക്കുള്ള ശബരിപാതയിൽ മണ്ണീറയിലേക്കുള്ള ചെറിയ റോഡിലാണ് കൊട്ടവഞ്ചി സവാരി ഒരുക്കിയിരിക്കുന്നത്.
പ്രധാനറോഡിൽനിന്ന് 300 മീറ്റർ നടന്നാൽ കൊട്ടവഞ്ചി സവാരിയുടെ പ്രധാന കവാടത്തിനു മുന്നിലെത്താം.കൊട്ടവഞ്ചി സഫാരി കഴിഞ്ഞ് മണ്ണീറ വെള്ളച്ചാട്ടവും കണ്ട് മടങ്ങാം. ഇന്ത്യയിൽ ഹൊഗനക്കൽ കഴിഞ്ഞാൽ അടവിയിൽ മാത്രമേ ഒഴുകുന്ന പുഴയിൽ കൊട്ടവഞ്ചി സവാരിയുള്ളൂ.



റിജിൽ . ജി . രാജി

# ഞാൻ കണ്ട കാഴ്ച്ചകൾ

ഞാനും അനിയനും അച്ഛനും അമ്മൂമ്മയും രാവിലെ 5:30-ക്ക് കുട്ടിക്കാനത്തേക്ക്  പോയി.പോകുന്ന വഴിയിൽ കുറേ തെയിലത്തോട്ടങ്ങൾ കണ്ടു. ഒരുഹോട്ടലിൽ നിന്ന് ആഹാരം കഴിച്ചതിനു ശേഷം കുട്ടിക്കാനം സിറ്റിയിലെ ത്രിശങ്കുർ റിസോർട്ടിലേക്കും പോയി. 12 മണി ആയപ്പോൾ അവിടയെത്തി. ഉച്ച കഴിഞ്ഞ് പരുന്തു പാറയിൽ പോയി ഭയങ്കര കാറ്റായിരുന്നു അവിടെ. കുറച്ചുകഴിഞ്ഞ് കോടമഞ്ഞു വന്നു തുടങ്ങി. അപ്പോൾ ഞങ്ങൾ റിസോർട്ടിലേ-ക്കുപോയി .  അടുത്ത ദിവസം രാവിലെ മൊട്ടക്കുന്നിലേക്കുപോയി ഉരുളാൻ നല്ല രസമായിരുന്നു. പിന്നീട് പൈയിൻ വാലിയിലേക്കുപോയി അവിടെ വലിയ പൈയിൻ മരങ്ങളുണ്ടായിരുവന്നു. അടുത്തദിവസം റ്റീ ഫാക്ടൊറി-യിൽ കയറീട്ട് വീട്ടിലേക്ക് പോയി.



അഭിനവ് എസ് കൃഷ്ണ

# കവിത

## സൂര്യോദയം

പുഷ്പങ്ങൾ സുഗന്ധം പരത്തി
സ്വാഗതം ചെയ്യുന്നൊരാദിത്യം
നന്മകളുള്ള ദിനങ്ങൾക്കു വേണ്ടി നി
വെളിച്ചം ചൊരിയുന്നവല്ലോ [2]

വയലുകൾ തേടിയലയിന്ന
കിളികളും
കളകളഗാനം പാടി ഒഴുകും
നദികളും നിൻ സൃഷ്ടിയല്ലൊ

ഇലകൾ തളിർത്തതും
ചെടികൾ മൊട്ടിട്ടതും
എല്ലാം നിൻ അത്ഭുതമല്ലോ

പ്രകൃതിരമണിയമാം ഈ
പ്രപഞ്ചത്തിൽ ജീവിക്കുവാൻ
എന്തു സൗഭാഗ്യം
എല്ലാം നിൻ കൗതുകമല്ലോ

പൂമ്പാറ്റ ചിറകടിച്ചുവന്നു
പൂക്കളിലെ തേൻ കുടിക്കുന്നതു
കാണാൻ എന്തു ഭംഗി
എല്ലാം നിൻ സൗന്ദര്യം അല
പുഷ്പങ്ങൾ സുഗന്ധം പരത്തി

സ്വാഗതം ചെയുന്നൊരാദിത്യം
നന്മകളുള്ള ദിനങ്ങൾക്കു
വേണ്ടി നീ വെളിച്ചം
ചൊരിയുന്നവല്ലോ



ദേവനന്ദ

# ഓർമ്മ

ദുഃഖിച്ചിരിപ്പൂ ഞാൻ ആ ഓർമ്മയിൽ
എത്രനാളിങ്ങനെ കഴിയും
ചിരിക്കാനും വയ്യാ കരയാനും വയ്യ
ഓർമ്മയെന്ന നാടകത്തിൽ തിരശ്ശീല
വീണിരുന്നെങ്കിൽ..............
എന്ന് ഞാനാഗ്രഹിച്ചിരുന്നു
ഏറെ നാളായ്.
വേദന തിന്നു ഞാൻ രസിച്ചീടുന്നു
സന്തോഷം പോലും എന്നിൽ ദുഃഖമായി
മാറുന്നു.ദഃഖം തരുന്നവർ ആർത്തു
ചിരിക്കുന്നു..ഈ ഓർമ്മ എന്നിൽ നിന്ന്
വിട്ടുപോകുന്നുവോ അന്നേ ഞാൻ ഓർമ്മ തൻ
കരാഗൃഹത്തിൽ
നിന്ന് മോചിതയാകൂ........



ദേവിപ്രിയ .ഡി

# മുംബൈ ദർശൻ

## ഒരു യാത്രാ വിവരണം


ജൂൺ 10 ന് ആരംഭിച്ച് ജൂൺ 16 ന് അവസാനിച്ച മുംബൈ ദർശൻ എന്ന യാത്ര എന്റെ വിദ്യാഭ്യാസ ജീവിതത്തിലെ ഒരു നാഴികകല്ലായിരുന്നു.ടാലന്റ്ഹണ്ട് ഓൺലൈൻ പരീക്ഷയാണ് എന്നെ ഇതിനർഹയാക്കിയത്.കേരളത്തിൽനിന്നുള്ള 53 കുട്ടികളും11 മെന്റർമാരുമാണ് ഈ യാത്രയിൽ എന്നോടൊപ്പം ഉണ്ടായിരുന്നത് .

ട്രെയിനിലായിരുന്നു യാത്ര. ജൂൺ 10 ന് രാത്രി 11.30 ന്എറണാകുളത്തുനിന്നും ട്രെയിൻ പുറപ്പെട്ടു. കൊങ്കൺ റയിൽവേ വഴിയായിരുന്നു യാത്ര.അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ. ട്രെയിനും ഞങ്ങൾക്ക് ക്ലാസ്സ് മുറിയായി മാറി.ക്വിസ്,ഡിബേറ്റ് തുടങ്ങി കുറേ പരിപാടികൾ ഞങ്ങൾ ട്രെയിനിൽ വെച്ച് നടത്തി.ജൂൺ 11 രാത്രി പന്ത്രണ്ട് മണിയോടെ കർണാടക,ഗോവ എന്നീ സംസ്ഥാനങ്ങൾ താണ്ടി മുംബൈലെത്തി.ജൂൺ 12 ന് ഐ.ഐ.റ്റി സന്ദർശിച്ചു.Analytics, I.T, Astronomy,Robotics,Social Innovation എന്നീ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങളെ അഞ്ചു ഗ്രൂപ്പുകളായി തിരിച്ചു.ഞാൻ തിരഞ്ഞെടുത്ത വിഷയംAstronomy ആയിരുന്നു.ജൂൺ 13 ന് I T, Astronomy എന്നീ ഗ്രൂപ്പുകളിലെകുട്ടികൾ Tata Institute of Fundamental Research സന്ദർശിച്ചു.അവിടെ ഞങ്ങൾക്ക് കുറിച്ചുള്ള ക്ലാസ്സുകൾ ലഭിച്ചു.Analytics,Robotics,Social Innovation എന്നീ ഗ്രൂപ്പിലെകുട്ടികൾ Tata Institute of Social Sciences സന്ദർശിച്ചു.അന്ന് രാത്രി Social Innovation തിരഞ്ഞെടുത്ത കുട്ടികൾ സബർമതി ആശ്രമം സന്ദർശിക്കാനായി അഹമ്മദാബാദിലേക്ക് പുറപ്പെട്ടു.ജൂൺ 14 ന് ഞങ്ങൾ മുംബൈ നഗരം ചുറ്റികണ്ടു.ഗേറ്റ് വേ ഓഫ് ഇന്ത്യ, ജൂഹ ബീച്ച്,താജ് ഹോട്ടൽ,കമലാനെഹ്റു പാർക്ക് എന്നിവ കണ്ടു.ജൂൺ 15 ന് നാട്ടിലേക്ക് തിരിച്ചു.RMSA&SCERT സംഘടിപ്പിച്ചഈ യാത്രയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.ഇതിന് എന്നെ അർഹയാക്കിയ എന്റെ അധ്യാപകരോട് നന്ദി

അറിയിക്കുന്നു.



*എം.വി. ശ്രേയ*



# മാസ്റ്റർ അർജ്ജുൻ കൃഷ്ണ

2018 ഡിസംബർ 18 മുതൽ 24 വരെ വിശാഖപട്ടണത്തു വെച്ച് നടന്ന 56-ാമത് ദേശീയ റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ ഇൻലൈൻ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ നമ്മുടെ സ്കൂളിലെ 5-ാം ക്ലാസ് വിദ്യാർത്ഥിയായ മാസ്റ്റർ അർജ്ജുൻ കൃഷ്ണ.

# ജിസാറ്റ്-29
# ഭ്രമണപഥത്തിൽ

ആധുനിക വാർത്താവിനിമയ ഉപഗ്രഹമായ ജി സാറ്റ് -29 ഭ്രമണപഥത്തിൽ എത്തി.

ബാഹുബലി എന്ന വിളിപ്പേരുള്ള ജി.എസ് എൽ.വി മാർക്ക് 3 റോക്കറ്റിലാണ് വിക്ഷേപണം

നടത്തിയത്.ഇന്ത്യ വിക്ഷേപിച്ച ഏറ്റവും ഭാരം കൂടിയ ഉപഗ്രഹമാണ് ഇത്.

3423 കിലോഗ്രാം ഭാരമുള്ളതാണ് ജി സാറ്റ്-29.ഇന്ത്യയുടെ 33-ാം ഉപഗ്രഹമാണിത്.ഡിജിറ്റൽ ഇന്ത്യ പദ്ധതിക്കും ഉൾഗ്രാമങ്ങളിലെ അതിവേഗ ഇന്റർനെറ്റ് സംവിധാനവുമാണ് ജി സാറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ.

300 കോടിയാണ് വിക്ഷേപണചെലവ്.ശത്രുകപ്പലുകളുടെ സാന്നിധ്യമറിയാൻ ജിയോ ക്യാമറ,ആശയവിനിമയത്തിന് ലേസർ ടെക്നോളജി,മൾട്ടി ബീം ഓപ്റ്റിക്കൽ ഇമേജിങ് സംവിധാനം എന്നിവ ഉപഹ്രഹത്തിലുണ്ട്.ശ്രീഹരിക്കോട്ടയിൽ നിന്നാണ് വിക്ഷേപണം നടത്തിയത്.

ഭാരം കൂടിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ കരുത്തുനൽകുന്നതാണ് ബാഹുബലി എന്നറിയപ്പെടുന്ന ജി.എസ്.എൽ.വി മാർക്ക് 3.ഐ.എസ്.ആർ.ഒയുടെ 5-ാം തലമുറ വിക്ഷപണ വാഹനമാണിത്.4000 കിലോഗ്രാംവരെ ഭ്രമണപഥത്തിൽ എത്തിക്കാൻ കഴിയും.



യദുകൃഷ്ണൻ

# പിങ്ക് തടാകം

ഓസ്ട്രേലിയയിൽ പിങ്ക് നിറമുള്ള ഒരു തടാകമുണ്ടെന്ന് ഞാൻ അറിഞ്ഞു ഇത് സത്യമാണോ!
പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ ഹില്ലിയൻ തടാകത്തിന് പിങ്ക് നിറമാണ്.ഓസ്ട്രേലിയയിൽ മാത്രമല്ല,സെനഗലിലും ഇത്തരം ഒരു തടാകമുണ്ട്.പേര് റെറ്റബ തടാകം
ഈ തടാകങ്ങളിലെ വെള്ളത്തിന് പിങ്ക് നിറമുണ്ടാകാൻ കാരണം ഡനാലിയെല്ല സാലിന എന്ന ഒരു തരം പായലാണ് ഉപ്പ് തടാകങ്ങളിൽ വളരുന്ന ഈപായൽ വെയിലിന്റെ ചൂടേൽക്കുമ്പോൾ ബീറ്റാ കരോട്ടിൻ എന്ന രാസവസ്തു ഉൽപാദിപ്പിച്ചു തുടങ്ങും.ബീറ്റാ കരോട്ടിന്റെ ചുവപ്പും,ഓറഞ്ചും കലർന്ന നിറമാണ് തടാകത്തിനും പിങ്ക് നിറം നൽകുന്നത്.വേനൽക്കാലത്തു മാത്രമേ ഈ പ്രതിഭാസം ഉണ്ടാകാറുള്ളൂ.



ദേവിക വിനോദ്

# ഭൗതിക ശാസ്ത്രം

1.സോഡിയം ബാഷ്പം നിറച്ച ഡിസ്ചാർജ് ലാമ്പ് ഏത് വർണ്ണത്തിൽ പ്രകാശിക്കുന്നു? - മഞ്ഞ.

2.ഒരു സെക്കന്റുകൊണ്ട് തരംഗം സഞ്ചരിക്കുന്ന ദൂരമാണ് ആ തരംഗത്തിന്റെ ? -പ്രവേഗം

3.ഓരോ വസ്തുവും സ്വതന്ത്രമായി കമ്പനം ചെയ്യുന്ന ആവൃത്തിയാണ് ? -സ്വാഭാവിക ആവൃത്തി

4.വൻതോതിൽ വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന കേന്ദ്രങ്ങളാണ് ?.പവർസ്റ്റേഷനുകൾ

5.പവർ =വോൾട്ടത * ? -കറന്റ്

6.വിവിധ വൈദ്യുത ഉൽപാദന വിതരണം സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ശൃംഗലയെണ് ? -പവർഗ്രിഡ്

7.ഒരു വസ്തുവിന്റെ മാസ്സ് m ഉം വിശിഷ്ട താപധാരിത c ഉം ആണെങ്കിൽ അതിന്റെ താപനില tk വർധിപ്പിക്കാനാവശ്യമായ താപം എത്ര ? -Q =mct

8.ഒന്നിൽ കൂടുതൽ വർണ്ണങ്ങൾ സംയോജിച്ചുണ്ടാകുന്ന പ്രകാശമാണ് ?- സമന്വിത പ്രകാശം

9.പ്രകാശത്തിന്റെ ക്രമരഹിതവും ഭാഗികവുമായ പ്രതിപതനവുമാണ് ?- വിസരണം

10.L.P.G യുടെ പൂർണ്ണരൂപം ?- Liquified Petrolium Gas



ആർച്ച സുരേഷ്







അഖിൽ .എ

# കോന്നി ആനക്കൂട്

കോന്നിയിൽ സ്ഥതിചെയ്യുന്ന ആനത്താവളമാണ് ആനക്കൂടായി അറിയപ്പെടുന്നത്.വിദേശ സഞ്ചാരികൾ കയറിയിറങ്ങുന്ന ഒരിടമായി മാറിയിരിക്കുകയാണ് കോന്നി ആനക്കൂട്. ആനസവാരിയാണ് വിദേശികളെ ആകർഷിക്കുന്നത്.ആനകളുടെ പ്രത്യേക മ്യൂസിയവും, ചരിത്രവും അടങ്ങുന്ന വലിയ ഹാളും,വിവിധതരം ചെടികളുടെ വിശാലമായ പ്രദർശന ശേഖരവും ഒരുക്കിയിരിക്കുന്നു.ആനകളെ കാണാനും അവയെ സ്പർശിക്കാനുമുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു............



സോനു റോയി

# അമ്മ

വാത്സല്യത്തിൽ ചിരി ളുകീ വരുന്നൊരു
ഐൈശ്വര്യത്തിൽ സൃഷ്ടിയാണ് എൻ അമ്മ ഞാൻ കലപില
കാട്ടുന്നേരം
എന്നടെ ക്കൂടെ കലപിലകാട്ടും
വിഷമത്തിൽ ഇരിക്കുമ്പോൾ
ക്കൂടെ വന്നാശ്വസിപ്പിക്കുന്ന എന്റെ സ്വന്തം അമ്മ
ഈ ഭൂമിയിലെ ദൈവമാണെൻ അമ്മ
ആ മനസ്സിലെ വേദന ആരും
അറിയുന്നില്ല.
പക്ഷെ നമ്മുടെ വേദന അറിയുന്ന ഈശ്വരൻ ആണ് അമ്മ
അമ്മയ്ക്ക് ഒരു മുത്തം നൽകാൻ ഞാൻ കൊതികുന്നു
അമ്മയാണ് എനിക്കെല്ലാം



ഷെബിൻ

# ഉള്ളൂർ . എസ്.

# പരമേശ്വരയ്യർ

1877 ജൂൺ 5 ന് ചങ്ങനാശ്ശേരിയിൽ ജനിച്ച
ഉള്ളൂർ ആധുനിക മലയാള കവിതയ്ക്ക്
അടിത്തറപാകിയ കവിത്രയത്തിൽ ഒരാളാണ്.
പരമ്പരാഗത രീതിയിലുള്ള സംസ്കൃതപഠനത്തെത്തുട
ർന്ന് വിദ്യാലയത്തിൽ ചേർന്ന് ബി. എ., ബി. എൽ.
ബിരുദങ്ങൾ കരസ്ഥമാക്കി.
സംസ്കൃത മാതൃകയിലുള്ള രചിച്ചുകൊണ്ടാണ് ഉള്ളൂർ
പ്രസിദ്ധിനേടിയത്. '**ഉമാകേരളം**' അതിനു തെളിവാണ്.
**ഭക്തിദീപിക, ചിത്രശാല, താരഹാരം, കിരണാവലി, തരംഗിണി,**
**മണിമഞ്ജുഷ, ദീപാവലി** തുടങ്ങിയ ഖണ്ഡകാവ്യങ്ങളും രചിച്ചു.
സാഹിത്യത്തിൽ അദ്വിതീയ സ്ഥാനമുള്ള ഉള്ളൂർ 1949-ൽ ദിവംഗതനായി

## കവിതകൾ

### പ്രേമത്തെക്കുറിച്ചുള്ള മനോഹരസങ്കൽപ്പം

"ഒരൊറ്റ മതമിണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവണശശിബിംബം" *(മണിമഞ്ജുഷ)*

### വിദ്യയുടെ മഹത്വം

"കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുംതോറുമേറീടും
മേന്മനൽകും മരിച്ചാലും
വിദ്യതന്നെ മഹാദനം"



സംമ്പാദക- മാളവിക

# എഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടേയും സാഹിത്യത്തിന്റെയും പിതാവായി കണക്കാക്കുന്ന എഴുത്തച്ഛൻ എ ഡി 1700 നോടടുപ്പിച്ചാണ ജീവിച്ചിരുന്നതെന്നു കരുതുന്നു. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്ന് പറയാറുണ്ടെങ്കിലും യഥാർത്ഥ നാമം ഇപ്പോഴും അജ്ഞാതമാണ്.പൊന്നാനി താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറുള്ള തുഞ്ചത്തു തറവാട്ടിൽ ജനിച്ചുവെന്ന് കരുതുന്ന എഴുത്തച്ഛൻ നല്ല സംസ്കൃത പാണ്ഡിത്യമുള്ള കവിയായിരുന്നു . വേദാന്തം അദ്ദേഹം പ്രത്യേകമായി തന്നെ അഭ്യസിച്ചു. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ . മലയാള ഭാഷയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ

വിലപ്പെട്ടതാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ,ഭാരതം കിളിപ്പാട്ട്,

ഭാഗവതം കിളിപ്പാട്ട് , ഉത്തര രാമായണം, ചിന്താരത്നം ,

ദേവീമാഹാത്മ്യം , കൈവല്യ നവനീതം , ഹരിനാമ കീർത്തനം

എന്നിവയാണ കൃതികൾ.

## കവിത

പക്ഷികളൊക്കെപല്ലവി വന്നൊരു

വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി -

ച്ചൊക്കെയോരോ വഴി പിന്നെപ്പറന്നുപ്പോം

ദുഃഖിക്കുമാറില്ലതിന്നിവരാരുമേ.





സംമ്പാദക-അനുപമ

# ഒ.എൻ.വി കുറുപ്പ്

ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ.എൻ.കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ൽ ജനനം. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ എൻ വി. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ശാർങ്ഗകപക്ഷികൾ ,ഉജ്ജയിനി, ആദ്യക്കാലകവിതകൾ, മരുഭൂമി എന്നിവ പ്രദാന കൃതികൾ

സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.

## കവിതകൾ

### പരിസ്ഥിതി

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടുനിവർക്കാനൊരു
കുളിർ നിഴൽ നടുന്നു



### എഴുത്തച്ഛൻ

തുഞ്ചൻ പറമ്പിലെ കാഞ്ഞിര
തൈമരം പഞ്ചവർണക്കിളി-
പ്പാട്ടിലെപ്പഞ്ചാര
യുണ്ടുവളർന്നു

സംമ്പാദക-ആർദ്ര

# കടമ്മനിട്ട രാമകൃഷ്ണൻ

പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ 1935 മാർച്ച് 22 ന ജനിച്ച കടമ്മനിട്ട രാമകൃഷ്ണൻ കവിയരങ്ങുകളിലും ചൊൽക്കാഴ്ചകളിലും കൂടി കവിതയെ ആസ്വാദ്യമാക്കുന്നതിൽ വിജയിച്ച വ്യക്തിയാണ് 1995-ൽ ആറന്മുളയിൽനിന്ന സി.പി.ഐ(എം)സ്വതന്ത്രനായി നിയമസഭാംഗമായിരുന്ന കടമ്മനിട്ട 1996-ൽ കേരളസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രസിഡന്റായി കടമനിട്ടയുടെ പ്രധാന കൃതികൾ കവിത കടമനിട്ടയുടെ കവിതകൾ ,മഴപെയ്യുന്ന മദ്ദളം കൊട്ടുന്ന തുടങ്ങിവയാണ് ഗോദായെക്കാത്ത് സൂര്യശില എന്നീ വിവർത്തനകൃതികളും അദ്ദേഹത്തിന്റേതായുണ്ട്.

## കവിതകൾ

### തള്ളപ്പക്ഷി

കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴേം
കണ്ണിലെപ്പോഴും കത്തിജ്വലിക്കു
മുൾക്കണ്ണുവേണമണയാത്ത കണ്ണ

### മനുഷ്യജീവിതത്തിന്റെ സൗകര്യങ്ങൾ

എത്രയുതാരമായി ജീവിതവൃത്തികൾ
എത്തിപ്പിടിച്ചവർ നാം ഭാഗ്യശാലികൾ



സംമ്പാദക-ബിന്റാ

# കുഞ്ചൻ നമ്പ്യാർ

പതിനെട്ടാം നൂറ്റാണ്ടിലെ (1705-1770) പ്രമുഖ മലയാളഭാഷാ കവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണനീയനാണ് നമ്പ്യാർ. ചന്ദ്രികാവീഥി, ലീലാവതീവീഥി തുടങ്ങിയ രൂപകങ്ങളും, വിഷ്ണുവിലാസം, രഘവീയം എന്നീ മഹാകാവ്യങ്ങളും വിലാസം, ശിവശതകം എന്നീ ഖണ്ഡകാവ്യങ്ങളും രാസക്രീഡ, വൃത്തവാർത്തികം എന്നീ ഛന്ദശ്ശാസ്ത്രഗ്രന്ഥങ്ങളും മറ്റും സംസ്കൃതത്തിൽ എഴുതിയ രാമപാണിവാദനും കുഞ്ചൻ നമ്പ്യാരും ഒരാൾതന്നെയാണെന്ന് ഏറെ ചർച്ചചെയ്യപ്പെട്ട ഒരു വാദം മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.

### വരികൾ

മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടൊരു സൗരഭ്യം

കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം



സംമ്പാദക-ബിജിന

# നമ്പ്യാർ ഫലിതങ്ങൾ

## നമ്പിയാര് ???

മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവനന്തപുരത്തെത്തിയ കുഞ്ചൻനമ്പ്യാർ ശ്രീപത്മനാഭസ്വാമി ക്ഷേത്രംസന്ദർശിച്ചു.ക്ഷേത്രത്തിലെ മേൽശാന്തിയെ നമ്പി എന്നാണ് വിളിച്ചിരുന്നത്.അപരിചിതനായ കുഞ്ചൻനമ്പ്യാരെ നമ്പി ശ്രദ്ധിച്ചു.വളരെ നേരംക്ഷേത്രത്തിൽ തൊഴുതുംപ്രദക്ഷിണം വച്ചും നടന്ന നമ്പ്യാരോട് ഒടുവിൽ നമ്പി ചോദിച്ചു "ആരാ ?"

"നമ്പിയാരാ"

എന്നായി കുഞ്ചൻനമ്പ്യാർ.അതുകേട്ട് നമ്പിക്ക് കോപം വന്നു.

"ങ്ഹേ","നമ്പിയാരാ?" എന്നല്ലേ അയാൾ ചോദിച്ചത് ?

രാജാവിനോടുപരാതിപ്പെടുകതന്നെ.തക്ക ശിക്ഷ കിട്ടട്ടെ.

നമ്പി വേഗം രണ്ടു പടയാളികളെ വിളിച്ചു.എന്നിട്ട് നമ്പ്യാരെ രാജാവിന്റെ അടുത്തെത്തിച്ചു.രാജകുടുംബത്തിന്റെ ക്ഷേത്രത്തിലെ പൂജാരിയെ ആണ് നമ്പ്യാർ അപമാനിച്ചത്.

രാജാവ് ദേഷ്യത്തോടെ ചോദിച്ചു.

"നമ്പ്യാരേ നിങ്ങൾ നമ്പിയെ താനാരെന്ന് ചോദ്യംചെയ്തോ ?"

രാജാവിന്റെ ദേഷ്യം കണ്ട് നമ്പ്യാർ ഒന്നു പേടിച്ചു.എങ്കിലും ധൈര്യം സംഭരിച്ച് മറുപടി ഒരു ശ്ലോകരൂപത്തിലെഴുതി രാജാവിന്റെ കാൽക്കൽ വച്ചു.

"നമ്പിയാരെന്നു ചോദിച്ചു
നമ്പിയാരെന്നുചൊല്ലിനേൻ
നമ്പി കേട്ടഥ കോപിച്ചു
തമ്പുരാനേ പൊറുക്കണേ"

അതോടെ രാജാവിന്റെ കോപം പുഞ്ചിരിയായി മാറി.കാര്യം മനസ്സിലരാജാവ് നമ്പ്യാരെ വെറുതെ വിടുകയും ചെയ്തു.



സംമ്പാദക- ഷംസിയ

# ദീപസ്തംഭം മഹാശ്ചര്യം

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പുതിയതായി ഒരുവിളക്ക് കാണാൻ മഹാരാജാവ് എഴുന്നള്ളി വിളക്ക് രാജാവിന് വളരെ ഇഷ്ടമായി . ക്ഷേത്രത്തിൽ ധാരാളം കവികൾ വന്നെത്തിയിട്ടുണ്ട് അവരോടായി രാജാവ് പറഞ്ഞു.

"ഈ കമ്പിവിളക്കിണെപ്പറ്റി എല്ലാവരും ശ്ലോകം എഴുതു.ഏറ്റവും നല്ല ശ്ലോകത്തിന് അൻപതുചക്രം സമ്മാനം"

അതുകേട്ട് കവികൾ ഓലയും നാരയവുമെടുത്ത് കമ്പവിളക്കിനെ വർണിച്ച് ഗംഭീര ശ്ലോകങ്ങൾ എഴുതാൻ തുടങ്ങി. നമ്പാർ നല്യവരിയുള്ള ഒരു ശ്ലോകമെഴുതി രാജാവിന് സമർപ്പച്ചു അതിങ്ങനെയായിരുന്നു.

ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം
ഇത്യർഥം ഏഷാംശ്ലോകാനാം
അല്ലാതൊന്നും നവിദ്യതേ

ദീപാസ്തംഭം ആശ്ചര്യകരം തന്നെ. എനിക്കുപണം വേണം എന്ന നമ്പ്യാരുടെ ഫലിതം രാജാവിനെ നന്നേരസിപ്പിച്ചു.സമ്മാനം നമ്പ്യാർക്ക് കിട്ടുകയും ചെയ്തു.





സംമ്പാദക-സജന മുഹമ്മദ്

# കയ്പ്പുള്ള പായസം

മാർത്താണ്ഡവർമ്മ

മഹാരാജാവ് ഒരിക്കൽ സേവകരോടൊപ്പം
അമ്പലപ്പുഴയിലേക്ക് എഴുന്നള്ളി . അമ്പലപ്പുഴ -
യിലെത്തിയ രാജാവും സേവകരും ഊണുകഴി-
ക്കാനിരുന്നു . ' തിരുമനസ്സേ , വിശേഷപ്പെട്ട -
അമ്പലപ്പുഴ പാൽപ്പായസമാണ് കഴിച്ചാലും ',
വിളമ്പുകാർ വിനയത്തോടെ പറഞ്ഞു .

എല്ലാവരും സ്വാദോടെ -
പായസം കഴിക്കുകയാണ്. ഇലയിലൊഴിച്ച -
പായസം ഒന്നുരുചിച്ചുനോക്കിയിട്ട് രാജാവ് -
കോപഭാവത്തിൽ പറഞ്ഞു ' ഹോ , പായസം
കയ്ക്കുന്നല്ലോ . ' അതുകേട്ട് സേവകർ ഊണുനിർ -
ത്തി ചുറ്റും നോക്കി . രാജാവുപറഞ്ഞതല്ലേ -
എങ്ങനെ എതിർത്തുപറയും ? ' ശരിയാ
പായസം കയ്ക്കുന്നു ' . അവർപായസംകഴിക്കു -
ന്നത് നിർത്തി . അപ്പോഴും നമ്പ്യാർ കുശാലായി
പായസം കഴിക്കുന്നു . അതുകൊണ്ട് രാജാവ് ചോദിച്ചു ' നമ്പ്യരെ -
പായസത്തിനുകയ്പ്പല്ലേ ?'. അതേ തിരുമേനി . പക്ഷേ പാൽപായസ
ത്തിന്റെ കയ്പ്പ് അടിയനിഷ്ടമാണേ '. അതുകേട്ട് രാജാവ് പൊട്ടി
ചിരിച്ചു . മുഖസ്തുതിക്കാരായ സേവകരേ കളിയാക്കാനാണ് രാജാ
വ് പായസം കയ്ക്കുന്നു എന്നുപറഞ്ഞത്. അതുമനസ്സിലാക്കിയ
സേവകർ ലജ്ജിച്ചു തലതാഴ്ത്തി .





സംമ്പാദക-അക്സ . കെ . ചാക്കോ

# ഓമനപ്പേരുകൾ

**ഇന്ത്യയിലെ പല സ്ഥലങ്ങൾക്കും അവയുടെ പ്രത്യേകതകൾ കാരണം ഓമനപ്പേരുകൾ കിട്ടിയിട്ടുണ്ട്.ഇതാ അത്തരം ചില ഓമനപ്പേരുകൾ**

ദൈവത്തിന്റെ സ്വന്തം നാട്-കേരളം

സൂര്യോദയത്തിന്റെ നാട്-അരുണാചൽ പ്രദേശ്

ഇന്ത്യയുടെ ചായത്തോട്ടം-അസം

അഞ്ചു നദികളുടെ നാട്-പഞ്ചാബ്

ബുദ്ധവിഹാരങ്ങളുടെ നാട്-ബീഹാർ

ബീഹാറിന്റെ ദുഃഖം-കോസി

രത്നങ്ങളുടെ നാട്-മണിപ്പൂർ

റൈസ് ബൗൾ ഓഫ് ഇന്ത്യ-ആന്ധ്രാപ്രദേശ്

കിഴക്കിന്റെ സ്കോട്ട് ലൻഡ്-ഷില്ലോങ്ങ്

ഓറഞ്ചുകളുടെ നഗരം-നാഗ്പൂർ



**അനന്തു അനീഷ്**

# നമ്പ്യാർക്കവിതകളിലെ മറക്കാനാവാത്തവരികൾ

"ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന് "

"മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

"തള്ളയ്ക്കിട്ടൊരു തല്ലുവരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു"

"തട്ടും മുട്ടുംചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാർക്കും"

"കവിതകൾ കേൾക്കുന്നേരംതന്നെ
ചെവിയുള്ളോർക്കാനന്ദം വേണം"



രാധ

# പഠനശാഖകൾ

സെഫോളജി - തെരഞ്ഞെടുപ്പ്

പെഡഗോഗി - അധ്യാപനശാസ്ത്രം

ജെറന്റോളജി - വാർദ്ധക്യം

ഓർണിത്തോളജി - പക്ഷികൾ

പാലിയന്റോളജി - ഫോസിലുകൾ

ഡെമോഗ്രാഫി - ജനസംഖ്യ

ജെനിറ്റിക്സ് - ജീനുകൾ

സീസ്മോളജി - ഭൂകമ്പം

സൈക്കോളജി - മനുഷമനസ്സ്,സ്വഭാവം

ആർക്കിയോളജി - പുരാവസ്തുക്കൾ



സിദ്ധാർത്ത്.എസ്

# ഒറ്റമൂലികൾ

## 1. അകാലനര

*. കറിവേപ്പില ധാരാളം ചേർത്തു വെളിച്ചെണ്ണ കാച്ചി തേയ്ക്കുക .

* .നെല്ലിക്കയിട്ടു തിളപ്പിച്ച വെള്ളംകൊണ്ട് പതിവായി തല കഴുകുക .

## 2 . വിശപ്പില്ലായ്മ

* .അയമോദകം ഇട്ടുവെന്ത വെള്ളം കുടിക്കുക

* .പപ്പായ പതിവായി കഴിക്കുക

## 3 .ദഹനാധിക്യം

* .എരുമപ്പാൽ പതിവായി ഉപയോഗിക്കുക

* .എരുമനെയ്യിട്ട് കഞ്ഞികുടിക്കുക

## 4 .ദഹനക്കേട്

* .ഇഞ്ചി,വെളുത്തുള്ളി എന്നിവ ചവച്ചരച്ച് തിന്നുക

* .കൊടുത്തുവവേര് അരച്ചു കറിയുപ്പുകൂട്ടി കഴിക്കുക.

## 5 .വയറൊഴിച്ചിൽ

* .നന്നാറി ,ജീരകം,ചന്ദനം എന്നിവ കറുകനീരിലരച്ച് കഴിക്കുക.


* .കടുക്കത്തോട് പൊടിച്ച് തേനിൽ സേവിക്കുക



ക്രിസ് . എസ്

# മദർ തെരേസ

അഗതികളുടെ അമ്മ എന്ന് അറിയപ്പെടുന്ന മദർ തെരേസ 1910 ഓഗസ്റ്റ് 27-ന് മാസിഡോണിയയിലെ സ്കോഡ്ജെയിലിലെ ഒരു അൽബേനിയൻ കുടുംബത്തിൽ ജനിച്ചു.'ജന്മംകൊണ്ട് ഞാൻ അൽബേനിയനാണ് ;പൗരത്വം കൊണ്ട് ഇന്ത്യനാണ്;വിശ്വാസം കൊണ്ട് കത്തോലിക്ക സന്യാസിയാണ്.'മദർ സ്വയം വിശേഷിപ്പിച്ചത് ഇങ്ങനെയായിരുന്നു.പതിനെട്ടാം വയസിൽ സിസ്റ്റേഴ്സ് ഓഫ് ലൊറെറ്റോയിൽ അംഗമായി.അവിടെവച്ചാണ് സിസ്റ്റർ മേരി തെരേസ എന്ന പേരു ലഭിച്ചത് 1946-ൽ പഠിച്ചു കൊണ്ടിരിക്കേ ആ ശ്രമം വിട്ട് സാധുക്കൾക്കിടയിൽ പ്രവർത്തിക്കാനുള്ള ഉൾവിളി ഉണ്ടായി.അങ്ങനെ മിഷനറീസ് ഓഫ് ചാരിറ്റി രൂപികരിച്ചു.കൽക്കട്ടയിലെ അശരണരായ കുഷ്ഠരോഗികളേയും അനാഥരായ കുഞ്ഞുങ്ങളേയും സംരക്ഷിച്ചുകൊണ്ടായിരുന്നു തുടക്കം.1979-ൽ മദർ തെരേസയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.1997 സെപ്റ്റംബർ അഞ്ചിന് മദർ തെരേസ ദിവംഗതയായി.



റിജിൽ മാത്യു

# വിവിധ ഗാന്ധിമാർ

കേരളഗാന്ധി - കെ. കേളപ്പൻ

അതിർത്തി ഗാന്ധി - ഖാൻ അബ്ദുൾ ഗാഫർ ഖാൻ

മയ്യഴി ഗാന്ധി - ഐ. കെ. കുമാരൻമാസ്റ്റർ

ആധുനിക ഗാന്ധി - ബാബാ ആംതെ

ബീഹാർ ഗാന്ധി - ഡോ: രാജേന്ദ്രപ്രസാദ്

ബർദോളി ഗാന്ധി - ഗോപാലകൃഷ്ണ ഗോഖലെ

കെനിയൻ ഗാന്ധി - ജോമോ കെനിയാത്ത

ഘാനഗാന്ധി - ക്വാമി എൻ. ക്രൂമ

മ്യാൻമാർ ഗാന്ധി - ആങ്സാങ് സൂചി

മണിപ്പൂർ ഗാന്ധി - ഇറോം ഷർമിള ചാനു



അഭിജിത്ത്

# ഉയരത്തിൽ ഏകതാ പ്രതിമ

ലോകത്തെ ഏറ്റവും വലിയ പ്രതിമയെന്ന റെക്കോഡ് ഗുജറാത്തിലെ നർമദ ജില്ലയിലെ കെവാഡിയ ഗ്രാമത്തിൽ നിർമിച്ച സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ഏകതാ പ്രതിമയ്ക്ക് 182 മീറ്റർ ഉയരത്തിലാണ് പ്രതിമ.2989 കോടി രൂപയാണ് ചെലവ്.ഇന്ത്യയുടെ ആദ്യ ആഭ്യന്തരമന്ത്രിയും നാട്ടുരാജ്യ-ങ്ങളുടെ സംയോജകനുമായിരുന്ന പട്ടേൽ.



ജിന്റു അജി

# ഇന്ത്യയുടെ പുതിയ സംസ്ഥാനം

വർഷങ്ങൾ നീണ്ട സംഘർഷങ്ങൾക്കും,സമരങ്ങൾക്കുമൊടുവിൽ ഭാരതത്തിലെ 29-മത് സംസ്ഥാനമായി തെലങ്കാന നിലവിൽ വന്നു.2014 ജൂൺ 2 നാണ് ഹൈദരാബാദ് തലസ്ഥാനമായി തെങ്കാനസംസ്ഥാനം ഔദ്യോഗികമായി നിലവിൽ വന്നത്.ടി.ആർ.എസ്.നേതാവ് ചന്ദ്രശേഖരറാവുവാണ് തെലങ്കാനയുടെ ആദ്യ മുഖ്യമന്ത്രി .ഇ.എസ്.എൽ.നരസിംഹൻ ആദ്യ ഗവർണറും. ഹൈദരാബാദ്, അദിലാബാദ്,ഖമ്മം, കരിംനഗർ,മെഹബൂബ് നഗർ,മേദക്,നൽഗൊണ്ട, നിസാമാബാദ്,രംഗ റെഡ്ഡി,വാറങ്കൽ എന്നീ പത്ത് ജില്ലകൾ ചേർന്നതാണ് തെലങ്കാന സംസ്ഥാനം.ഇതു കൂടാതെ ആന്ധ്രാപ്രദേശിലെ മൊത്തം വനഭൂമിയുടെ 45 ശതമാനവും, ജനസംഖ്യയുടെ 41.6 ശതമാനവും തെലങ്കാനയുടെ ഭാഗമായി.



*ജോഹൻ ജെ ഫിലിപ്പ്*

# കടംകഥകൾ

*ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട-കടുക്

*മൂന്ന് പോലീസും പന്ത്രണ്ട് കള്ളന്മാരും-ക്ളോക്ക്

*ഉടുപ്പൂരി കിണറ്റിൽ ചാടി-പഴം

*ഞെട്ടില്ല വട്ടയില്ല-പപ്പടം

*ഒരമ്മയ്ക്ക് ജനിച്ച മക്കൾ എല്ലാം തൊപ്പിക്കാര്-പാക്ക്

*.അകത്ത് രോമം പുറത്തിറച്ചി -മൂക്ക്

*.തൊട്ടാൽ വാടും തോപ്പിലെ മൂപ്പൻ -തൊട്ടാവാടി

*.എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം കുടിച്ചാൽ ചത്തു പോകും -തീ

*.ഒരമ്മ പെറ്റതെല്ലാം കറുത്ത തൊപ്പിക്കാർ -തീപ്പെട്ടിയും തീപ്പെട്ടികൊള്ളിയും

അജ്ഞൻ സായി

# ഇന്ത്യയിലെ ആദ്യ ക്ഷീര എ.ടി.എം.

ഇന്ത്യയിലെ ആദ്യത്തെ ക്ഷീര എ.ടി.എം.അഹമ്മദാബാദിൽ നിലവിൽ വന്നു.'അമുൽ' ആണ് പദ്ധതി നടപ്പിലാക്കുന്നത്.ഗുജറാത്തിലെ അമുൽ ഡെയ്റിക്ക് മുന്നിലാണണ് എ.ടി.എം.സ്ഥാപിച്ചിരിക്കുന്നത് .മെഷീനിൽ രൂപയുടെ നോട്ട് നിക്ഷേപിച്ചാൽ മില്ലി ലിറ്ററിന്റെ ഒരു പായ്ക്കറ്റ് പാൽ ലഭിക്കും.ആകെ 150 പായ്ക്കറ്റുകൾ സൂക്ഷിക്കാൻ ശേഷിയുള്ളതാണ് 'എനി ടൈം മിൽക്ക് മെഷീൻ'.



ആകാശ് . ആർ

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആദ്യ സംരംഭമായ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ എന്നെ സഹായിച്ച എന്റെ കൂട്ടുകാർക്ക് ഞാൻ എന്റെ നന്ദി അറിയിച്ച് കൊള്ളുന്നു.

ചീഫ് എഡിറ്റർ

ബ്ലസ്സൻ ഫിലിപ്പ്

ശുഭം